

TUESDAY 26/05/2026 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor: SINDHU. K S** **Editor: Dr. V. Krishnadas**

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 25/05/2026

1. കേന്ദ്ര സർക്കാരിന്റെ എല്ലാവിധ കാർഷിക ആനുകൂല്യങ്ങളും കാലതാമസമില്ലാതെ കർഷകരിലേക്ക് എത്തിക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന 'അഗ്രിസ്റ്റാക്ക് കർഷക രജിസ്ട്രി' ഡിജിറ്റൽ തിരിച്ചറിയൽ പദ്ധതിയിൽ സംസ്ഥാനത്തെ മുഴുവൻ കർഷകരും ഈ മാസം തന്നെ രജിസ്റ്റർ ചെയ്യണമെന്ന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് അറിയിച്ചു. ആദ്യഘട്ടത്തിൽ കൃഷിഭവനുകൾ വഴിയായിരുന്നു അഗ്രിസ്റ്റാക്കിൽ രജിസ്റ്റർ ചെയ്തിരുന്നത്. നിലവിൽ സ്വന്തമായി ഭൂമിയുള്ള കർഷകർക്ക് റജിസ്റ്റർ ചെയ്യാം. റജിസ്റ്റർ ചെയ്യുന്നവർക്ക് ഏകീകൃത കർഷക ഐഡി ലഭിക്കും.പ്രസ്തുത ഐഡി ഉണ്ടെങ്കിൽ മാത്രമേ ഭാവിയിൽ കേന്ദ്ര സർക്കാരിന്റെ കാർഷിക ആനുകൂല്യങ്ങൾ ലഭിക്കുകയുള്ളൂ. അതിനാൽ കർഷക രജിസ്ട്രിയിലെ രജിസ്ട്രേഷൻ എല്ലാ കർഷകരും പൂർത്തീകരിക്കേണ്ടത് അനിവാര്യമാണ്. കർഷകർക്ക് തങ്ങളുടെ ആധാർ കാർഡ്, ആധാറുമായി ബന്ധിപ്പിച്ച മൊബൈൽ നമ്പർ, ഭൂമിയുടെ രേഖകൾ (കരമടച്ച രസീത്/ പോക്കുവരവ് രേഖകൾ)

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

എന്നിവയുമായി അടുത്തുള്ള അക്ഷയ കേന്ദ്രങ്ങൾ, കോമൺ സർവ്വീസ് സെന്ററുകൾ അല്ലെങ്കിൽ കൃഷിഭവനുകൾ വഴി ഫാർമർ ഐഡി ക്ക് വേണ്ടി രജിസ്റ്റർ ചെയ്യാം. തുടർന്ന് റവന്യു വകുപ്പിന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ കർഷക ഐഡി ലഭ്യമാകും. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

2. കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിന്റെ അധീനതയിലുള്ള വിവിധ പ്ലോട്ടുകളിൽ നിന്നും, ഇതര സർക്കാർ ഫാമുകളിൽ നിന്നും ആവശ്യാനുസരണം ഫാമിലെ ചോപ്പിംഗ് മെഷിനു സമീപം വൈക്കോല്/തീറ്റപ്പുല്ല് എത്തിയ്ക്കുന്നതിന് 2000 കിലോയിൽ താഴെ ഭാരം വഹിക്കാൻ ശേഷിയുള്ള പിക്-അപ്പ് വാഹനം വാടകയ്ക്ക് ആവശ്യമുണ്ട്. ഇപ്രകാരം പിക്-അപ് വാഹനം വാടകയ്ക്ക് നൽകുന്നതിന് താൽപ്പര്യമുള്ള വാഹന ഉടമകളിൽ നിന്നും/ഏജൻസികളിൽ നിന്നും മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ക്വട്ടേഷനുകൾ മുദ്ര വച്ച് കവറിൽ ഫാം സൂപ്രണ്ട്, ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം, കുടപ്പനക്കുന്ന്പി.ഒ. തിരുവനന്തപുരം 695043. എന്ന വിലാസത്തിൽ അയച്ചു നൽകുകയോ നേരിട്ട് എത്തിക്കുകയോ ചെയ്യേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കവറിന് പുറത്ത് "പിക് അപ് വാഹനത്തിന്റെ വാടക സംബന്ധമായ ക്വട്ടേഷൻ 2026-27" എന്ന് രേഖപ്പെടുത്തേണ്ടതാണ്. ക്വട്ടേഷനുകൾ സമർപ്പിക്കേണ്ട അവസാന തീയതി 30/05/2026-ന് പകൽ 11.00 മണിയാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഫാം ഓഫീസുമായി പകൽ 10 മണി മുതൽ 5 മണി വരെ 0471 2732962 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

3. കേരളകാർഷികസർവ്വകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര പച്ചക്കറിശാസ്ത്ര വിഭാഗത്തിൽ കൂർക്കതലകൾവില്പനക്ക് തയ്യാറായിട്ടുണ്ട്. ഒരു കൂർക്ക തലക്ക് 1 രൂപ എന്ന നിരക്കിൽ ലഭ്യമാണ്. വില്പന സമയം 9:00 AM – 4:00 PM വരെ. ഫോൺ : 9188248481.

4. സി. പി. സി. ആർ. ഐ. യുടെ കായംകുളത്തെ പ്രാദേശിക കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രം നടപ്പിലാക്കുന്ന ഭാരതീയ കാർഷിക ഗവേഷണ കൗൺസിൽ പദ്ധതിയിൽ ഒരു സീനിയർ റിസെർച്ച് ഫെല്ലോ (എസ്. ആർ. എഫ്.) യുക്ക് വേണ്ടി 2026, ജൂൺ 04-ാം തിയതി ഒരു എഴുത്ത് പരീക്ഷയും അഭിമുഖവും നടത്തുന്നു. താത്കാലിക നിയമനം 31.03.2027 വരെ.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഉയർന്ന പ്രായ പരിധി ജൂൺ 04 ന് പുരുഷന്മാർ 35, സ്ത്രീകൾ 40 വയസ്സ് (നിയമാനുസൃതമായ ഇളവുകൾ ബാധകം). ICAR അംഗീകരിച്ച ഒരു കോളേജ്/യൂണിവേഴ്സിറ്റിയിൽ നിന്നും അഗ്രിക്കൾച്ചർ ഹോർട്ടിക്കൾച്ചർ എന്നിവയിൽ ബിരുദാന്തര ബിരുദം ആണ് യോഗ്യത. ഏതെങ്കിലും ഗവേഷണ സ്ഥാപനത്തിലോ കെ.വി.കെ.യിലോ നടപ്പിലാക്കിയ കാർഷിക മേഖലയിലെ പദ്ധതികളിൽ പരിചയം, ഇരുചക്ര വാഹന ഡ്രൈവിങ്ങിൽ ഉള്ള പരിചയം, കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ പരിജ്ഞാനം എന്നിവ അഭികാമ്യം. പ്രതിമാസ ഫെല്ലോഷിപ്പ് 37000/- രൂപ + HRA കൂടുതൽ വിവരങ്ങൾക്ക് www.cpcri.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. താത്പര്യമുള്ളവർ 2026, ജൂൺ തിയതിയ്ക്കുള്ളിൽ 0479-2959268, 2449268, 9447790268 എന്നിവയിൽ ഏതെങ്കിലും ഒരു ഫോൺ നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്തതിന് ശേഷം ജൂൺ 04-ാം തീയതി രാവിലെ 09.30 ന് കൃഷ്ണപുരത്തെ സി. പി. സി. ആർ. ഐ. യുടെ കായംകുളത്തെ പ്രാദേശിക കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ എസ്.

എസ്. എൽ. സി. മുതലുള്ള അസ്സൽ സർട്ടിഫിക്കറ്റുകളുമായി ഹാജരാകേണ്ടതും ആണ്.

## പരിശീലന പരിപാടി

കേരള കാർഷിക സർവകലാശാലയ്ക്ക് കീഴിലുള്ള സെൻട്രൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് "വിള സുസ്ഥിരതയ്ക്കായുള്ള ജൈവ ഇടപെടലുകൾ" (Organic Interventions for Crop Sustainability) എന്ന വിഷയത്തിൽ മൂന്ന് മാസത്തെ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. കോഴ്സ് കാലാവധി: 2026 ജൂൺ 15 മുതൽ 2026 സെപ്റ്റംബർ 15 വരെ.വിദ്യാഭ്യാസ യോഗ്യത: കുറഞ്ഞത് പ്ലസ് ടു പാസായിരിക്കണം.രജിസ്ട്രേഷൻ ഫീ: ₹100, കോഴ്സ് ഫീ: ₹4000 രൂപ . കോഴ്സ് ദൈർഘ്യം: 3 മാസത്തിനിടയിൽ ആകെ 50 മണിക്കൂർ ഓൺലൈൻ ക്ലാസ്സുകൾ ഉണ്ടായിരിക്കും. ക്ലാസുകൾ റെക്കോർഡ് ചെയ്യുന്നതല്ല. വിജയകരമായി കോഴ്സ് പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതാണ് . രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി: 2026 മെയ് 30. കൂടുതൽ വിവരങ്ങൾക്ക് cti@kau.in എന്ന ഇമെയിൽ

ff


GOVERNMENT OF KERALA

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314


വിലാസത്തിലോ അല്ലെങ്കിൽ 0487 2371104, 8547837256 എന്നീ നമ്പറുകളിലോ ബന്ധപ്പെടുക.

## കാർഷിക നിർദ്ദേശം

കമുകിനെ ബാധിക്കുന്ന മഹാളി രോഗത്തിനെതിരെ മുൻകരുതൽ എന്ന നിലയ്ക്ക് മഴയ്ക്കു മുമ്പ് ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രിതം തളിച്ചു കൊടുക്കണം. ബോർഡോ മിശ്രിതത്തിന്റെ കൂട്ട് കൃത്യമാണെങ്കിൽ മാത്രമെ പ്രതീക്ഷിക്കുന്ന ഗുണം കിട്ടുകയുള്ളൂ. അതു കൊണ്ട് തന്നെ ബോർഡോ മിശ്രിതം ഉണ്ടാക്കുന്നതിൽ കൃത്യമായ അളവുകൾ പാലിക്കേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം